തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം മോട്ടോർ വെൽഫെയർ ഫണ്ട് ബോർഡ് യോഗം ചേർന്ന് തീരുമാനം എടുത്ത് ഗവൺമെൻറിലേയ്ക്ക് അയച്ചു. ഗവൺമെൻറ് അത് പരിശോധിച്ച് വരികയാണ്. അടിയന്തിരമായി മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കണമെന്ന് തന്നെയാണ് സർക്കാരിൻറെ നയം. പക്ഷെ ഇപ്പോൾ നിയമത്തിൽത്തന്നെ ഒരു ഭേദഗതി വേണമോ ഷെഡ്യൂളിൽ വേണമോ എന്നുള്ള സംശയം ഡിപ്പാർട്ടുമെൻറ് ഉന്നയിച്ചിരിക്കുകയാണ്. ലാ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച്, അതിൻറെ ആവശ്യം ഇല്ലാതെതന്നെ ചെയ്യാമെന്നാണ് എനിക്ക് തോന്നുന്നത്. എന്നിട്ട് ഗവൺമെൻറ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളും. അതിനുശേഷം ശ്രീ. ഭരതനെപ്പോലുള്ള ആളുകളുമായി സംസാരിക്കും. ഞാൻ പറഞ്ഞാൽ ചെയ്യും. ശ്രീ. ഭരതനെപ്പോലുള്ള ആളുകൾ സഹകരിക്കുകയും ചെയ്യും. ശ്രീ. വർക്കല രാധാകൃഷ്ണൻ എന്നോടൊന്നിച്ച് വർക്കലയിൽ വരാമെന്ന് പറഞ്ഞുവെങ്കിലും അദ്ദേഹത്തിൻറെ ജോലിത്തിരക്കുകൊണ്ട് ഇതുവരേയും സമയം കിട്ടിയിട്ടില്ല, ഞാൻ പറഞ്ഞ കാര്യം വർക്കലയോടുള്ള ബഹുമാനസൂചകമായി നയപ്രഖ്യാപന പ്രസംഗത്തിൽ ഗവൺമെൻറിൻറെ നയമായി പ്രഖ്യാപിച്ചിട്ടുണ്ട്, അതുപോലെ ശ്രീ. ഭരതനോടും പറയുന്നു, ഞാൻ ചെയ്യും,

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് എന്നെ പരാമർശിച്ച് പറഞ്ഞത് ശരിയല്ല. അദ്ദേഹം എന്നെ ഏത് ദിവസം വിളിച്ചാലും ഞാൻ പോകും.

മി. സ്പീക്കർ: വർക്കല വാക്കുപാലിക്കുന്ന ആളാണെന്ന് എല്ലാവർക്കും അറിയാം.

## (9) വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പ്രത്യേക ബോർഡ് രൂപീകരിച്ച് ക്ഷേമനിധി, പെൻഷൻ എന്നിവ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പാലോട് രവി: കേരളത്തിലെ ഏകദേശം 35,000-ത്തോളം വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന അഞ്ചര ലക്ഷത്തോളം തൊഴിലാളികൾ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുകയാണ്. ആയിരക്കണക്കിന് ചെറുപ്പക്കാരെ തൊഴിൽ പഠിപ്പിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് അയക്കുന്ന ഒരു വിപുലമായ തൊഴിൽ മേഖലയാണ് ആട്ടോ മൊബൈൽ വർക്ക് ഷോപ്പ്. അവർ ഇന്ന് സമരത്തിലാണ്. ആട്ടോ മൊബൈൽ വർക്ക് ഷോപ്പ് മേഖലയിൽ ജോലി ചെയ്യുന്നവർക്കായി ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കുന്നതിന് ഒരു പ്രത്യേക ബോർഡ് രൂപീകരിക്കുക, സ്വയം തൊഴിൽ പദ്ധതിയിൽ വർക്ക് ഷോപ്പുകളെ ഉൾപ്പെടുത്തി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക തുടങ്ങി നിരവധി ആവശ്യങ്ങളടങ്ങിയ ഒരു നിവേദനം അവർ ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. എല്ലാ മേഖലയിലും ക്ഷേമനിധി ഉണ്ടാക്കുകയല്ലേ? ഈ അഞ്ചര ലക്ഷത്തോളം ചെറുപ്പക്കാർ ക്ഷേമനിധിയിൽ അവരുടെ വിഹിതം കൊടുക്കാൻ തയ്യാറാണ്. നമുക്ക് മുപ്പത്തി അയ്യായിരത്തോളം



LIBRARY ARCHIVES Kerala Legislative Assembly

വർക്ക് ഷോപ്പുകൾ ഉണ്ട്. ഈ ആവശ്യങ്ങൾ അനുഭാവപൂർവ്വമായി പരിഗണിക്കാം എന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരു ക്ഷേമനിധി അവർക്കുവേണ്ടി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് നേട്ടമേയുണ്ടാകുകയുള്ളൂ. അതുകൊണ്ട് അനുകൂലമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ജോലി ചെയ്യുന്ന തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

**ശ്രീ. ആര്യാടൻ മുഹമ്മദ്:** ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മെമ്പർ പറയുന്നത് മുപ്പത്തി അയ്യായിരത്തോളം വർക്ക് ഷോപ്പുകളിൽ അഞ്ചര ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെന്നാണ്. ഈ വിഭാഗം തൊഴിലാളികൾ വളരെ കഠിനാധ്വാനം ചെയ്യുന്നവരാണ്. എല്ലാ നിലയിലുള്ള അനുകമ്പയും അവർ അർഹിക്കുന്നുണ്ട്. അതുകൊണ്ട് ഈ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായ ഒരു ക്ഷേമനിധി പദ്ധതിതന്നെ ഉണ്ടാക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (10) ഫോർട്ട്കൊച്ചി കടപ്പുറത്ത് മറൈൻ പാർക്കും ഡോൾഫിനേറിയവും നിർമ്മിക്കാനുള്ള നിർദ്ദേശം

**ശ്രീ. എം. ജെ. സക്കറിയ:** സർ. 2.61 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഫോർട്ട്കൊച്ചി നിരവധി സംസ്കാരങ്ങളുടെ ഈറ്റില്ലമാണ്. പോർച്ചുഗീസുകാരും, ബ്രിട്ടീഷുകാരും, ഡച്ചുകാരും പല സന്ദർഭങ്ങളിൽ ഇവിടെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ടൂറിസ്റ്റ് ഭൂപടത്തിൽ ഒരു പ്രമുഖ സ്ഥാനം ഫോർട്ട്കൊച്ചിക്ക് ഉണ്ട്. അതിനനുസൃതമായ വികസനം അവിടെ ഉണ്ടായിട്ടില്ല. ഇത് മദ്രാസ് പ്രവിശ്യയുടെ ഒരു ഭാഗമായിരുന്നു. 1956-ലെ സംസ്ഥാന പുനഃസംഘടനയെത്തുടർന്നാണ് ഫോർട്ട്കൊച്ചി കേരളത്തിന്റെ ഭാഗമായത്. ഇത് കൊച്ചി താലൂക്കിന്റെ ആസ്ഥാനം കൂടിയാണ്. വിശ്വപ്രസിദ്ധമായ ചീന വല, മട്ടാഞ്ചേരി കൊട്ടാരം, യഹൂദ ദേവാലയം, ഡച്ച് സെമിത്തേരി, വാസ്കോഡിഗാമയുടെ പള്ളി, കൊച്ചി രൂപതയുടെ ആസ്ഥാനം, പുരാതനമായ മുസ്ലീംപള്ളി കൂടാതെ യൂറോപ്യൻ മാതൃകയിലുള്ള തെരുവുകൾ, റോഡിന്റെ ഇരുവശത്തുമുള്ള ഇരുനില മാളികകൾ എന്നിവയും വിദേശിയരെ ആകർഷിക്കുന്ന ഘടകങ്ങളാണ്. യൂറോപ്പിലെ ഏത് നഗരത്തോടും കിടപിടിക്കുന്ന ഒരു ഭംഗി ഫോർട്ട്കൊച്ചിയ്ക്കുണ്ട്. ഇപ്പോഴത്തെ പോർച്ചുഗീസ് നാമങ്ങളാണ് ആ തെരുവുകൾക്ക് നൽകിയിട്ടുള്ളത്. പ്രിൻസസ് സ്ട്രീറ്റ്, പീറ്റർ ഷെല്ലി സ്ട്രീറ്റ്, നേപ്യർ സ്ട്രീറ്റ്, ബാസ്റ്റിൻ സ്ട്രീറ്റ് കൂടാതെ ടവർ റോഡ്, റിഡ്സ് ഡെയിൽ റോഡ്, ബില്ലാഡ് റോഡ് ഇങ്ങനെ പലതുമുണ്ട്. ഡച്ച്, പോർച്ചുഗൽ, യഹൂദ, ഇസ്ലാം, ബ്രിട്ടീഷ്, ബുദ്ധ ജൈന സംസ്കാരങ്ങളുടെ സംഗമ ഭൂമി കൂടിയാണിത്. 1990-ൽ അന്നത്തെ മന്ത്രി ശ്രീ. ശ്രീനിവാസൻ അവിടെ വന്ന് ഒരു മറൈൻ പാർക്കും ഒരു ഡോൾഫിനേറിയും സ്ഥാപിക്കാമെന്ന് പറഞ്ഞ് പോയതല്ലാതെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ബഡ്ജറ്റിൽപ്പോലും ഇതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly